പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4193 — 16.03.2017 ന് മറുപടിയ്ക്ക്.

## നൈപുണ്യപദ്ധതി വ്യാപകമാക്കാൻ നടപടി

*ചോദ്യം*

ശ്രീ. തോമസ് ചാണ്ടി :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) കാലത്തിന്റെ പുതിയ വെല്ലുവിളികളെ നേരിടാൻ നൈപുണ്യപദ്ധതി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ;

(എ) വിവിധ മേഖലയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേക്കായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനി സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി കേരള അക്കാദമി ഫോർ സ് കിൽസ് എക്സലൻസിനെ "സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് മിഷൻ" ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ പ്രത്യേക പരിശീലന പദ്ധതികൾ ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. സ്വകാര്യ - വ്യാവസായിക മേഖലകൾ ആവശ്യപ്പെടുന്ന തരത്തിലുള്ള പാഠ്യപദ്ധതികളും വ്യവസായങ്ങൾക്ക് ആവശ്യമായിട്ടുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ നിലവാരം അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തികൊണ്ട് വരുവാനും ലക്ഷ്യമിട്ട് വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) നൈപുണ്യ പദ്ധതി വഴി നടപ്പാക്കി വരുന്ന പരിശീലന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി)
കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. മികവിന്റെ കേന്ദ്രങ്ങൾ
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ
3. കൗശൽ കേന്ദ്രകൾ

4. എംപ്ലോയബിലിറ്റി സെന്ററുകൾ
5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
6. കരിയർ ഡവലപ്മെന്റ് സെന്റർ

(1) KASE വിവിധ തൊഴിൽ മേഖലകളിൽ താഴെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

I. NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്) സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 02.07.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

II. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)

സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി) എന്ന സ്ഥാപനം, തിരുവനന്തപുരം ജില്ലയിൽ കിൻഫ്രയിൽ 29.09.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

III. ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 06.12.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

IV. CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)

ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 02.02.2016 ന് പ്രവർത്തനം ആരംഭിച്ചു.

V. CEED (സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രെണർഷിപ്പ് ഡെവലപ്മെൻറ്)

തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി

എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻഡ്യ അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെൻറ് (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(2) (IIIC) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. IIIC- ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെൻറ് കോഴ്സുകളും മേസണറി, കാർപെൻററി, പ്ലംബിംഗ് ,ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുന്നുണ്ട്. ഐ.ടി.ഐ സർട്ടിഫിക്കറ്റ് /ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുവാൻ IIIC യിലൂടെ സാധിക്കും. ബിൽഡിംഗ് കൺസ്ട്രക്ഷൻ അക്കാദമി ഓഫ് സിങ്കപ്പൂർ, നാഷണൽ കൺസ്ട്രക്ഷൻ കോളേജ് ഓഫ് യുണൈറ്റഡ് കിംങ്ഡം തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC ൽ ഒരുക്കുന്നത്. ഇതിനായി ഓപ്പറേറ്ററെ കണ്ടെത്തി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

### (3) **കൗശൽകേന്ദ്രകൾ**

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിനു തൊഴിൽ നൈപുണ്യ

പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമിടുന്നത്.

സ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി, അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസ്സെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെൽ, ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യ പരിശീലനം നേടുന്നതിനുള്ള ലാംഗ്വേജ് ലാബ് ഉൾപ്പെട്ട കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്പ്മെന്റ് സെൽ, എംപ്ലോയബിലിറ്റി സ്കിൽ ഡെവലപ്പ്മെന്റ് സെൽ വിവിധ മേഖലകളിൽ അത്യന്താധുനിക സാങ്കേതിക പരിശീലന സൗകര്യത്തോടൊപ്പം വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്നിവ കൗശൽ കേന്ദ്രയിൽ ഒരുക്കിയിരിക്കുന്നു.

## (4) <u>എംപ്ലോയബിലിറ്റി സെന്ററുകൾ</u>

തൊഴിലന്വേഷകരുടെ അഭിരുചിയ്ക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും, അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള
പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും, എംപ്ലോയബിലിറ്റി സെന്ററിനകത്തും, പുറത്തുമായി ചെറുതും, വലുതുമായ തൊഴിൽമേളകൾ സംഘടിപ്പിച്ച് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

## (5) <u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)</u>

ഡിസൈൻ രംഗത്ത് ഊർജ്ജസ്വലരായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്ഥാപിച്ചത്. കരകൗശല വിഭാഗങ്ങൾ, പ്രൊഫഷണൽ ഡിസൈനർമാർ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ യാണ് ഇതു രൂപകൽപ്പന ചെയ്തത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഡിസൈൻ (NID, AHMEDABAD) ന്റെ സഹായത്തോടെയാണ് ഇതു ആരംഭിച്ചത്. ഡിസൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കലാണ് KSID -യുടെ പ്രാഥമിക ലക്ഷ്യം. ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആന്റ് അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്റ്റ് ഡിസൈൻ തുടങ്ങിയ പി.ജി. ഡിപ്ലോമ കോഴ്സുകൾ നിലവിൽ നടന്നു വരുന്നു.

## (6) കരിയർ ഡവലപ്പ്മെന്റ് സെന്റർ

എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ഉദ്യോഗാർത്ഥികളുടെ തൊഴിൽ സംബന്ധമായ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള ഒരു ഏകജാലക സംവിധാനമായാണ് കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ (സി.ഡി.സി) തുടങ്ങുന്നത്. അത്യാധുനിക ടെക്നോളജിയുടെ സഹായത്തോടെ കേരളത്തിലെ വിദൂര ഗ്രാമങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടാൻ സി.ഡി.സി സഹായകമാകും. ഉദ്യോഗാർത്ഥി കളിലെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക, ഒരോ ഉദ്യോഗാർത്ഥിയുടെയും കഴിവുകളും കുറവുകളും കണ്ടെത്തി അത് നികത്താൻ സഹായിക്കുക , തൊഴിൽ വിപണിയെപ്പറ്റി ഉദ്യോഗാർത്ഥികളെ ബോധവാന്മാരാക്കുക, ഉദ്യോഗാർത്ഥികളിൽ സംരംഭകത്വം വളർത്തുക തുടങ്ങിയവയാണ് സി.ഡി.സി യുടെ പ്രധാന ലക്ഷ്യങ്ങൾ. എസ്.സി / എസ്.ടി, തുടങ്ങിയ പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രാധാന്യം നൽകി, അവർക്ക് പി.എസ്.സി. കോച്ചിംഗ്, വ്യക്തിത്വ വികസന ക്ലാസുകൾ എന്നിവയും ഇതിലൂടെ നൽകുന്നു. ഇത്തരത്തിൽ ഒരു സി.ഡി.സി കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ 2017 ഫെബ്രുവരി 4 നും പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ ഫെബ്രുവരി 16 നും തുടക്കം കുറിച്ചു.

(signature)
സെക്ഷൻ ഓഫീസർ